കുഷ്ഠരോഗാശുപത്രിയെ സംബന്ധിച്ച് ചെയ്യാനുള്ള ബാക്കി പണികളും സാമ്പത്തികമായ സ്ഥിതി പരിശോധിച്ച് ചെയ്യുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കും.

(4) താണിക്കുടം പുഴയിലെ പാലം പണി പൂർത്തിയാക്കൽ

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, എന്റെ നിയോജകമണ്ഡലത്തിൽ മാടയ്ക്കത്തറ പഞ്ചായത്തിൽ കുണ്ടുകാട് പി. ഡബ്ലിയു. ഡി. റോഡുകളും കളളായി ഹരിജൻ കോളനി റോഡുമായി ബന്ധിപ്പിക്കുന്ന താണിക്കുടം പുഴയിൽ ഒരു പാലം പണിയുന്നതിന് P W D 3,33,417 രൂപക്ക് ടെണ്ടർ കൊടുത്തു. കോണ്ട്രാക്ടർ ശ്രീ. വി. എൻ. സുരേന്ദ്രനാണ്. രണ്ട് കാൽ വാർത്തതിനുശേഷം കോൺട്രാക്ടർ കമ്പിയും സിമന്റും വിറ്റ് നാടു വിട്ടു. അതിനുശേഷം ഇതുവരെയും പാലം പണിപുനരാരംഭിച്ചിട്ടില്ല. അതിനെത്തുടർന്ന് ആ സ്ഥലത്തെ ജനങ്ങളും വളരെ ബുദ്ധിമുട്ടിലാണ്. ഈ പുഴയുടെ തീരത്ത് ഒരു യു. പി. സ്കൂളും ഉണ്ട്. അതിന്റെ തൊട്ടടുത്ത് ഒരു അമ്പലവും അതിനു തൊട്ടടുത്ത് പളളിയും മലയോരപ്രദേശങ്ങളും ഹരിജൻ കോളനിയുമുണ്ട്. ഈ മലയോരപ്രദേശങ്ങളിലെ ജനങ്ങൾക്ക് ഈ പുഴയിൽകൂടി കടന്നുപോകാൻ ചെറിയ ഒരു പാലമുണ്ടായിരുന്നു. ആ പാലം പൊളിച്ചുകളഞ്ഞിട്ടാണ് P W D പാലം പണി ആരംഭിച്ചത്. മൂന്നു കൊല്ലമായി വർക്ക് നടക്കാതിരിക്കുകയാണ്. അടിയന്തിരമായി ഈ വർക്ക് നടത്തി അവിടത്തെ ഗതാഗതം പുനഃസ്ഥാപിക്കണം. അതിലേ നടന്നു പോകുവാൻ ഇപ്പോഴും കഴിയുകയില്ല. ജനങ്ങൾ പ്രക്ഷുബ്ധരാണ്. അതു കൊണ്ട് ആ പാലം പൂർത്തിയാക്കാൻ അടിയന്തിരമായ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

താണിക്കുടം പാലത്തിനു രണ്ടുലക്ഷത്തി എഴുപത്തിയാറായിരം രൂപയ്ക്ക് 1978-ൽ ഭരണാനുമതി നൽകുകയും 1979-ൽ കരാർ കൊടുക്കുകയും ചെയ്തതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അൽപം ചില വർക്കുകൾ ചെയ്തശേഷം കരാറുകാരൻ സ്ഥലം വിട്ടു. അതിനു ശേഷം 1982-'83 ലും അത് ടെൻഡർ വിളിച്ചുവെങ്കിലും യാതൊരു റെസ്പോൺസും ഉണ്ടായില്ല. പിന്നീട് ആ വർക്കുകൾ അടിയന്തിരമായി തീർക്കണമെന്നുപറഞ്ഞുകൊണ്ട് കാട്ടേഷൻ വിളിക്കാൻ പറഞ്ഞു. രണ്ടു കാട്ടേഷൻ കിട്ടി. ഒന്ന് 100 ശതമാനത്തിനു മുകളിലും മറെറാന്ന് 125 ശതമാനത്തിനു മുകളിലുമാണ്. അതുകൊണ്ട് അത് സ്വീകാര്യമായില്ല. അവരുമായി നെഗോഷ്യേറ് ചെയ്യണമെന്നു പറഞ്ഞു. നെഗോഷ്യേറ് ചെയ്തപ്പോൾ ഏറെറവും കുറഞ്ഞ എബൗ കാണിച്ച കരാറുകാരൻ ഒന്നും കുറയ്ക്കാൻ തയ്യാറായില്ല എന്നുള്ള നില വന്നു. അതുകൊണ്ട് വീണ്ടും റീസണബിളായിട്ടുള്ള കാട്ടേഷനു ആലോചിക്കാമോ എന്നു നോക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതു ശരിയാകുന്നില്ല എങ്കിൽ ഡിപ്പാർട്ടുമെന്റലായിട്ടെങ്കിലും പണി പൂർത്തിയാക്കാൻ ഉള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു.

(5) കേരളത്തിലെ സ്റീൽ വ്യവസായ തകർച്ച

ശ്രീ. കെ. മൂസ്സക്കുട്ടി : സർ, കേരളത്തിൽ സ്റീൽ വ്യവസായം ഇന്നു വലിയ തകർച്ചയിലാണ്. ഈ സംസ്ഥാനത്തിൽ ചെറുതും വലുതുമായ 16 ഓളം സ്റീൽ റീ-റോളിംഗ് മില്ലുകളുണ്ട്. അതിൽ ഭൂരിപക്ഷവും പൂട്ടിക്കിടക്കുകയാണ്. അവർക്ക് റീ-റോളിംഗ് നടത്താൻ വേണ്ടിയുള്ള ബില്ലെറുകൾ കിട്ടുന്നില്ല. അഥവാ ബില്ലെറുകൾ കുറച്ച് കിട്ടു

LIBRARY ARCHIVES Kerala Legislative Assembly